**ജനമൈത്രി സുരക്ഷാ പദ്ധതി സ്ത്രീ സുരക്ഷ - സ്വയം രക്ഷാ പരിശീലന പരിപാടിയുടെ എറണാകുളം റൂറൽ ജില്ലാ തല ഏകോപനം 2018 മാർച്ച് 03 ന് നടത്തും**

സ്ത്രീ സുരക്ഷാ പദ്ധതിയുടെ ഭാഗമായുള്ള സ്വയം രക്ഷാ പരിശീലന പരിപാടിയുടെ എറണാകുളം റൂറൽ ജില്ലാ തല ഏകോപനം 2018 മാർച്ച് 03 ശനിയാഴ്ച രാവിലെ 11.00 മണിക്ക് എറണാകുളം റൂറൽ ജില്ലാ പോലീസ് കോൺഫറൻസ് ഹാളിൽ വച്ച് ബഹു. ജില്ലാ പോലീസ് മേധാവി ശ്രീ.എ.വി.ജോർജ്ജ് ഐ.പി.എസ് അവർകൾ ഉദ്ഘാടനം ചെയ്യുന്നു.

സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, വനിതകൾക്ക് വിപുലമായ ഒരു സ്വയം പ്രതിരോധ പരിശീലന പരിപാടി ( Women Self Defense Techniques (WSDT) കേരള പോലീസ് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ആഭിമുഖ്യത്തിൽ എറണാകുളം റൂറൽ ജില്ലയിൽ നടന്നുവരികയാണ്. വിവിധ സന്ദർഭങ്ങളിൽ വനിതകൾ നേരിടുന്ന അതിക്രമ സാഹചര്യങ്ങൾ തിരിച്ചറിയുവാൻ അവരെ സ്വയം പ്രാപ്തരാക്കുക, അത്തരം സന്ദർഭങ്ങൾ നേരിടുമ്പോൾ സ്വയം രക്ഷയ്ക്കായി പെട്ടെന്ന് സ്വീകരിക്കാവുന്ന പ്രതിരോധ തന്ത്രങ്ങൾ സ്വായത്തമാക്കുക, അതുവഴി സംസ്ഥാനത്തെ സ്ത്രീകൾക്ക് സുരക്ഷയും കൂടുതൽ ആത്മവിശ്വാസവും പ്രദാനം ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ പദ്ധതി കേരള പോലീസ് ആവിഷ്കരിച്ചിട്ടുള്ളത്. ജനശ്രീ, കുടുംബശ്രീ, റസിഡൻസ് അസ്സോസിയേഷനുകൾ, കലാലയങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ ഈ പരിശീലന പരിപാടി പ്രാദേശിക തലങ്ങളിൽ സംഘടിപ്പിക്കുന്നതിനാണ് ജനമൈത്രി സുരക്ഷാ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷം അവസാനത്തോടെ സംസ്ഥാനത്തെ ഏകദേശം 2 ലക്ഷം വനിതകൾക്ക് സ്വയം സുരക്ഷാ പരിശീലനം നൽകുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.